മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ *481

## കാലവർഷവും ജലവൈദ്യുതപദ്ധതികളും

(*481) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. ബി. അബ്ദുൾ റസാക്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. എം. ഷാജി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മൺസൂൺ മഴയിൽ കുറവുണ്ടാകുമെന്ന കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം ജലവൈദ്യുതപദ്ധതികളെ ഏതു വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കാലവർഷം പൂർണ്ണമായും ലഭിച്ചാൽ ഡാമുകളിൽ സംഭരിക്കാനാവുന്ന ജലത്തിന്റെ ഒരു വർഷത്തെ അളവ് പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിലെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനോ അവയിലെ ജലം പുനരുപയോഗപ്പെടുത്തുന്നതിനോ ഉള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) ഉണ്ട്. കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം കണക്കിലെടുത്ത് മഴ കുറഞ്ഞാൽ ജല വൈദ്യുത പദ്ധതികളിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള

പ്രതിസന്ധികളെ നേരിടുന്നതിന് വിദഗ്ദ്ധ അഭിപ്രായങ്ങൾ ശേഖരിച്ച് വിലയിരുത്തി അതനുസരിച്ചുള്ള കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതനുസരിച്ച് സംഭരണശേഷി കൂടുതലുള്ള ഡാമുകളിൽ ഉല്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിച്ചിട്ടുണ്ട്. കൂടാതെ മഴക്കുറവ് മൂലം ഉണ്ടായേക്കാവുന്ന വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനായി കൂടുതൽ വൈദ്യുതി മറ്റു മേഖലകളിൽനിന്നും സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 2015 ജൂൺ മുതൽ 2016 മേയ് വരെയുള്ള ജല വർഷത്തിൽ കാലവർഷം പൂർണ്ണതോതിൽ ലഭിച്ചാൽ 7111.16 ദശലക്ഷം ഘനമീറ്റർ വെള്ളം ലഭിക്കേണ്ടതാണ്. ഇത്രയും ജലമുപയോഗിച്ച് 7146 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കും.

(സി) ഉണ്ട്. നിലവിലെ ഡാമുകളിൽ കൂടുതൽ ജലം എത്തിക്കുന്നതിനുള്ള ഓഗ്മെന്റേഷൻ സ്കീമുകളും, മറ്റു ചില ഡാമുകളിലെ ജലം പുനരുപയോഗപ്പെടുത്തുന്ന പമ്പ്ട് സ്റ്റോറേജ് സ്കീമുകളും പരിഗണനയിലുണ്ട്.

താഴെ ചേർത്തിട്ടുള്ള പദ്ധതികളുടെ സാധ്യതാ പഠനം പല ഘട്ടങ്ങളിലായി നടന്നുവരുന്നു.

1. പള്ളിവാസൽ ഓഗ്മെന്റേഷൻ സ്കീം - 260 ദശലക്ഷം യൂണിറ്റ്.

2. ഇടമലയാർ ഓഗ്മെന്റേഷൻ സ്കീം - 15 ദശലക്ഷം യൂണിറ്റ്.

3. ഇടമലയാറിൽ 2000 മെഗാവാട്ടിന്റെ പമ്പ്ട് സ്റ്റോറേജ് സ്കീം.

4. കക്കയം, ഷോളയാർ, കക്കി എന്നീ ഡാമുകളിൽ പമ്പ്ട് സ്റ്റോറേജ് സ്കീം.

5. 295 $mm^3$ സ്റ്റോറേജ് ഉള്ള ട്വിൻ കല്ലാർ പദ്ധതി (60 mw)

പീക്ക് ലോഡ് സമയത്തെ എനർജി ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഇടമലയാർ, ഷോളയാർ, പന്നിയാർ, ശബരിഗിരി, കക്കാട് എന്നീ പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പഠനവും നടന്നുവരുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കാലവർഷത്തിന്റെ വ്യത്യാസംമൂലം വരുന്ന വൈദ്യുതി ക്ഷാമത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളെല്ലാം സ്വാഗതാർഹമാണ്. അതേസമയം സംസ്ഥാനത്ത് കാലവർഷത്തിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ പ്രവചനാതീതമാണ്. വൻകിട ജലവൈദ്യുത പദ്ധതികൾ കേരളത്തിൽ ഇനി പ്രായോഗികമല്ല. സ്മാൾ ഹൈഡൽ പ്ലാന്റ്സ് പ്രോത്സാഹിപ്പിക്കുകയാണ് ക്ഷാമം തീർക്കാനുള്ള ഒരു മാർഗ്ഗം. എസ്.എച്ച്.പി. നയമനുസരിച്ച് അത്തരം പദ്ധതികൾക്ക് ബൂട്ട് പിരീഡ് (ബിൽഡ്, ഓപ്പറേറ്റ്, ഓൺ ആന്റ് ട്രാൻസ്ഫർ) 30 വർഷമാണ് ഇപ്പോൾ നൽകിവരുന്നത്.

മി. സ്പീക്കർ: യെസ്....... ചോദ്യം മാത്രം. കൂടുതൽ അംഗങ്ങൾക്ക് അവസരം

കൊടുക്കണം. ഒരു സെന്റൻസ് അല്ലെങ്കിൽ രണ്ട് സെന്റൻസിൽ ചുരുക്കി ചോദിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ നിറുത്താം. പദ്ധതികളുടെ പൂർത്തീകരണത്തിന് ആറ് വർഷമെങ്കിലും വേണ്ടിവരും. അപ്പോൾ നിർമ്മാതാവിന് പദ്ധതിയുടെ പ്രയോജനം 24 വർഷം മാത്രമാണ് ലഭിക്കുന്നത്. മറ്റു ചില സംസ്ഥാനങ്ങളിൽ ബൂട്ട് പിരീഡ് 35 വർഷമാണ്. ആ ബൂട്ട് പീരിയഡ് (ബിൽഡ് ഓപ്പറേറ്റ്, ഓൺ ആന്റ് ട്രാൻസ്ഫർ) വർദ്ധിപ്പിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നതാണ് ചോദ്യം. അതിന് ഇത്രയും പറയാതെ പറ്റാത്തതുകൊണ്ടാണ്. Sorry Sir.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം ശ്രദ്ധിക്കണം. ഇന്ന് രാവിലെയും ചെയറിന്റെടുത്ത് ചോദ്യോത്തരവേളയിൽ കൂടുതൽ ചോദ്യം എടുക്കുന്നില്ല, മിനിമം നാല് ചോദ്യങ്ങളെങ്കിലും എടുക്കണം, കൂടുതൽ അംഗങ്ങൾക്ക് അവസരം കിട്ടുന്നില്ല എന്നൊക്കെ പറഞ്ഞ് പരാതി വന്നു. പക്ഷെ ചോദ്യം ചോദിക്കുന്നവർ ദീർഘമായി സംസാരിച്ചാൽ ചെയർ എന്ത് ചെയ്യും. അതുകൊണ്ട് സാധാരണ ചോദ്യം എന്നു പറഞ്ഞാൽ ഒരു സെന്റൻസ് അതല്ലെങ്കിൽ രണ്ട് സെന്റൻസ്, അതിനപ്പുറം പോകരുത്. ബഹുമാനപ്പെട്ട മന്ത്രിമാരും അതിനനുസരിച്ച്

മറുപടി പറയണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, അദ്ദേഹം പറഞ്ഞത് ബൂട്ടിന്റെ കാലാവധി ദീർഘിപ്പിച്ചുകൊടുക്കേണ്ട കാര്യത്തെക്കുറിച്ചാണ്. ഇപ്പോൾത്തന്നെ 23-ഓളം ആളുകൾക്ക് 109 മെഗാവാട്ടിന്റെ പദ്ധതി അനുവദിച്ചു നൽകിയിട്ടുണ്ട്. അതനുസരിച്ച് അവർ ബാക്കിയുള്ള കാര്യങ്ങളൊക്കെ പ്രവർത്തിച്ചുവരികയാണ്. അങ്ങനെയൊരു ആവശ്യം ഇതുവരെ അവരുടെ ഭാഗത്തുനിന്നും വന്നിട്ടില്ല. അതുകൊണ്ട് ഗവൺമെന്റ് ഇതുവരെ അക്കാര്യം ആലോചിച്ചിട്ടില്ല.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, സ്മാൾ ഹൈഡൽ പ്ലാന്റിൽ അഞ്ച് മെഗാവാട്ട് വരെ വൈദ്യുതി ഉത്പാദിപ്പിച്ചാൽ 4.88 രൂപയും 25 മെഗാവാട്ട് വരെ വൈദ്യുതി ഉത്പാദിപ്പിക്കുന്നവർക്ക് 4.16 രൂപയുമാണ് ഇപ്പോൾ വില നൽകിവരുന്നത്. Nearest sub station-ലേയ്ക്ക് ട്രാൻസ്മിഷൻ ലൈൻ വലിക്കാൻ വലിയ കോസ്റ്റ് വരുന്നതുകൊണ്ട് ഇത് വളരെ ലാഭകരമായ സംഗതിയാണെന്ന് തോന്നുന്നില്ല. അതുകൊണ്ട് ആ വിഷയംകൂടി കണക്കിലെടുത്ത് എസ്.എച്ച്.പി. നയത്തിൽ മാറ്റം വരുത്തി വില വർദ്ധിപ്പിക്കുവാനും സ്മാൾ ഹൈഡൽ പ്ലാന്റ്സ് പ്രോത്സാഹിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, ഈ കാര്യത്തെക്കുറിച്ച് ഇതുവരെ യാതൊരു

പരാതിയും ഇവിടെ ലഭിച്ചിട്ടില്ല. ഇപ്പോഴും ചിലത് നടക്കുന്നുണ്ട്. അതിനുപുറമെ 23-ഓളം ആളുകൾക്ക് പദ്ധതി അനുവദിച്ചു നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള പരാതി ലഭിക്കുമ്പോൾ പരിശോധിക്കുന്നതാണ്.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, മലബാർ മേഖലയിൽ കാലവർഷം ശക്തമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മൺസൂൺ ആദ്യപകുതിയിൽ ഡാമുകളിൽ ഉണ്ടായ വെള്ളത്തിന്റെ കുറവ് നികത്താൻ സാധിച്ചിട്ടുണ്ടോ; ഇപ്പോൾ ഡാമുകളിലുള്ള വെള്ളത്തിന്റെ അളവും കഴിഞ്ഞ വർഷം ഇതേ സമയം ഉണ്ടായിരുന്ന വെള്ളത്തിന്റെ അളവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന വ്യത്യാസം എത്രയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഡാമിലെ വെള്ളത്തിനെ സംബന്ധിച്ച് പറഞ്ഞാൽ, നമ്മുടെ ഡാമുകളിലെ ഇന്നലത്തെ സ്റ്റോറേജ് പൊസിഷൻ പ്രകാരം, 22.07.2015-ന് 1946 മില്ല്യൺ യൂണിറ്റ് ഉത്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ട്. കഴിഞ്ഞ വർഷം, 22.07.2014-ൽ ഇത് 1314 മില്ല്യൺ യൂണിറ്റ് ആയിരുന്നു. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ് ഇപ്പോഴുള്ളത്. നമ്മൾ വളരെ സൂക്ഷിച്ച് ഉപയോഗിക്കുന്നതുകൊണ്ടും പുറത്തുനിന്നും വാങ്ങി സ്റ്റോറേജ് വർദ്ധിപ്പിക്കുന്നതുകൊണ്ടുമാണ് ഇത് സംഭവിച്ചത്.

<u>ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, പാരിസ്ഥിതിക പ്രശ്നങ്ങൾ കുറവുള്ള ജലവൈദ്യുത പദ്ധതികൾ തന്നെയാണ് നമ്മുടെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം. അല്ലാതെ നമ്മുടെ മുന്നിൽ വേറെ മാർഗ്ഗങ്ങളില്ല. ഇത്തരത്തിലുള്ള ചില ജലവൈദ്യുത പദ്ധതികൾ മണ്ണാർകാട് താലൂക്കിൽ പ്രൊപ്പോസലായിട്ടുണ്ട്. സർവ്വേപോലും പൂർത്തീകരിച്ചതുമുണ്ട്. ശിരുവാണിപുഴയിലെ കുടം - മാറനട്ടി പദ്ധതികൾ, തുപ്പനാട് പുഴയിലെ ആറ്റില – വട്ടപ്പാറ പദ്ധതികൾ, കോട്ടോപ്പാടം പഞ്ചായത്തിലെ ചെമ്പുകട്ടി പദ്ധതി, ഇതൊക്കെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ പൊതുവെ കുറവാണ്. തുടർ നടപടികൾ ഉണ്ടായിട്ടില്ല. ഈ പദ്ധതികളുടെ തുടർനടപടികളെക്കുറിച്ച് വ്യക്തമാക്കാമോ; അതുപോലെതന്നെ പാത്രക്കടവ് പദ്ധതിയും എന്റെ നിയോജക മണ്ഡലത്തിലാണ്. അതിന് ഭാവിയിൽ എന്തെങ്കിലും സാധ്യതയുണ്ടോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, പാത്രക്കടവ് പദ്ധതി ഏകദേശം 80 മെഗാവാട്ടോളം വരുന്ന പദ്ധതിയാണ്. അതിന് കേന്ദ്ര ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് ക്ലിയറൻസ് ആവശ്യമാണ്. ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് ക്ലിയറൻസ് കിട്ടാത്തതുകൊണ്ട് നില്ക്കുകയാണ്. ബാക്കിയുള്ള ചെറുകിട പദ്ധതികളെ സംബന്ധിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ആ കാര്യം സംബന്ധിച്ച് പരമാവധി

പ്രവർത്തിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, സ്വാമിനാഥൻ ഫൗണ്ടേഷന്റെ ഒരു പഠനത്തിൽ പറയുന്നത് ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയിലെ വെള്ളം മാത്രമല്ല കേരളത്തിന്റെ പരിസരഭാഗങ്ങളിലെ വെള്ളം മുഴവൻ സംഭരിച്ചുനിറുത്തേണ്ടതുണ്ടെന്നാണ്. പടിഞ്ഞാറോട്ട് ചരിഞ്ഞ് നിൽക്കുന്ന കേരളത്തിലെ വെള്ളം മുഴുവൻ ഒലിച്ചുപോകുകയാണ്. ഇത്തരത്തിൽ വെള്ളം സംഭരിക്കുന്നതിന് കൃഷിവകുപ്പടക്കം സംയുക്തമായ ഒരു ശ്രമം നടത്തേണ്ടതല്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. ഇതിനുള്ള ചില പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി പുഴയിലെ പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളിൽ മണ്ണ് നിറഞ്ഞ് സംഭരണശേഷി വളരെ കുറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡാമുകളിലെ മണലും കളിമണ്ണും എടുത്ത് അതിന്റെ ആവശ്യം നിറവേറ്റാനും ഗവൺമെന്റിന്റെ റവന്യൂ വർദ്ധിപ്പിക്കാനുമുള്ള പരിപാടി ആവിഷ്കരിച്ചിരുന്നു. അതിന്റെ അവസ്ഥ എന്താണ്; അതുപോലെ ചാലക്കുടി പുഴയിലെ ചെറിയ പദ്ധതികൾ, പെരിങ്ങൽകുത്തിൽ അധിക വൈദ്യുതി ഉത്പാദിപ്പിക്കാനും കണ്ണംകുഴി, തുമ്പൂർമൂഴി, ആനക്കയം തുടങ്ങിയ

സ്ഥലങ്ങളിൽ കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ഡി.പി.ആർ.-ഉം അപ്രൂവ് ചെയ്തിരുന്നു. അതിന്റെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിനെക്കുറിച്ചൊക്കെ പൂർണ്ണമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, വാസ്തവത്തിൽ പരാജയപ്പെട്ട ഒരു പദ്ധതിയായാണ് അത് അവസാനിച്ചത്. അതിനുവേണ്ടി പാലക്കാടാണ് നമ്മൾ ശ്രമിച്ചത്. അത് ഗവൺമെന്റിന് റവന്യൂ ഉണ്ടാക്കുന്ന കാര്യമാണെന്ന് സമ്മതിച്ചു. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിന് മുന്തിയ പരിഗണന നൽകുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, വർഷങ്ങളായി ഗവൺമെന്റിന്റെ മുന്നിലുള്ള ഒരു പദ്ധതിയാണ് അതിരപ്പിള്ളി പദ്ധതി. ബഹുമാനപ്പെട്ട മന്ത്രിയുടെ സമയത്തും ഈ സഭയിലെ മുൻ മന്ത്രിമാരായ ശ്രീ. എ. കെ. ബാലന്റെയും എന്റെയും സമയത്തും നടപ്പാക്കാൻ വളരെയധികം പരിശ്രമിച്ച ഒരു പദ്ധതിയാണത്. പാരിസ്ഥിതികമായ എല്ലാ അനുമതിയും അതിന് കിട്ടിക്കഴിഞ്ഞുവെന്നാണ് ഇന്നലെ പത്രത്തിൽ വായിച്ചത്. ആ നിലയ്ക്ക് ഈ പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ്

ക്ലിയറൻസ് രണ്ടുമൂന്ന് പ്രാവശ്യം കിട്ടിയ ഒരു പദ്ധതിയാണിത്. ശ്രീ. പിണറായി വിജയൻ മന്ത്രിയായിരുന്ന സമയത്താണ് ആദ്യമായി കിട്ടിയത്. പിന്നീട് ഞാൻ മന്ത്രിയായിരുന്ന സമയത്തും കിട്ടി, ശ്രീ. എ. കെ. ബാലൻ മന്ത്രിയായിരുന്ന സമയത്തും കിട്ടി. ആ ഗവൺമെന്റും ശ്രമിച്ചു, അടുത്ത ഗവൺമെന്റും ശ്രമിച്ചു. പിന്നീട് വന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റും ശ്രമിച്ചു. ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുംകൂടി അന്ന് ഡൽഹിയിൽപോയി അവരെക്കണ്ട് സംസാരിച്ചിട്ടാണ് അനുവാദം കിട്ടിയത്. വീണ്ടും കോടതിയിൽ കേസായി. ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് ക്ലിയറൻസ് 1997-ൽത്തന്നെ കിട്ടിയതാണ്. അതിനുശേഷം ഞാൻ ഈ പറഞ്ഞ കാര്യങ്ങളൊക്കെ ഉണ്ടായി. ഇപ്പോൾ അത് വീണ്ടും ജല കമ്മീഷന്റെ മുന്നിലെത്തി. അവിടെ വേണ്ടത്ര ജലം ഉണ്ടാവില്ലെന്നായിരുന്നു ഒരു ഒബ്ജക്ഷൻ. ജല കമ്മീഷൻ അതിനെ സംബന്ധിച്ച് ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വച്ച് സ്റ്റഡി നടത്തി. കേരളാ ഗവൺമെന്റ് ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ വെള്ളം ലഭിക്കാനുള്ള സാധ്യതയുണ്ടെന്നാണ് ആ കമ്മിറ്റിയുടെ റിപ്പോർട്ട്. അക്കാര്യം ഏകദേശം അവരെ ബോധ്യപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ഓർഡർ ഒന്നും ഉണ്ടായിട്ടില്ല. പക്ഷെ കമന്റ്സ് വന്നത് നമുക്ക് അനുകൂലമായാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, ഇത് പ്രധാനപ്പെട്ട കാര്യമാണ്. കഴിഞ്ഞ പെരുന്നാൾ ദിവസം കാസർഗോഡ് ജില്ല ഇരുട്ടിലായിരുന്നു. കുറ്റ്യാടിയിൽ നിന്ന് പോകുന്ന എച്ച്.റ്റി ലൈൻ പൊട്ടിയതാണ് പ്രധാനപ്പെട്ട കാരണം. ഉത്സവകാലത്തെല്ലാം ഇത് കാസർഗോഡ് സംഭവിക്കുന്നുണ്ട്. കഴിഞ്ഞ ഒന്നാം ഓണത്തിനും രണ്ടാം ഓണത്തിനും ഇതായിരുന്നു സ്ഥിതി. എച്ച്. റ്റി. ലൈൻ പൊട്ടിയത് ശരിയാക്കാൻ വലിയ പ്രയാസമാണ് എന്നാണ് അന്നും ഉദ്യോഗസ്ഥർ പറഞ്ഞത്. ഇത് ആര്യാടൻ സാറിനെ മോശപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. എന്തെങ്കിലും അട്ടിമറി ഇക്കാര്യത്തിൽ ഉണ്ടായിരുന്നോ എന്ന് പരിശോധിക്കണം. ഇപ്പോൾ അടുത്ത ഓണം വരാൻ പോകുകയാണ്. അപ്പോഴും കാസർഗോഡ് ജില്ലയിൽ ഇതേ സംഭവം ആവർത്തിക്കുമോ; ഇതിനു പരിഹാരമായി കർണാടകയിൽനിന്നുള്ള ലൈൻ എത്രയും വേഗത്തിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, കാസർഗോഡ് വൈദ്യുതി വിതരണത്തിൽ വളരെയേറെ പ്രശ്നമുള്ള സ്ഥലമാണ്. അവിടേയ്ക്ക് വൈദ്യുതി എത്തിക്കാനും സാധിക്കുന്നില്ല. കാസർഗോഡ് ജില്ലയിൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചാൽ അവർ പോവുകയുമില്ല എന്നതാണ് സ്ഥിതി. ഓണത്തിനാണെങ്കിലും

പെരുന്നാളിനാണെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകും. ഓണമാണെന്നും പെരുന്നാളാണെന്നും വിചാരിച്ച് ലൈൻ പൊട്ടാതിരിക്കില്ല. കാറ്റ്, ഇടിമിന്നൽ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും തരത്തിലുള്ള അപകടങ്ങൾ ഉണ്ടായാലും ഇത് സംഭവിക്കും. എങ്കിലും അവിടത്തെ പ്രശ്നങ്ങൾ തീർക്കുന്നതിനുള്ള നടപടികൾ ബോർഡ് കൈക്കൊണ്ടുവരികയാണ്.

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> സർ, കാലവർഷത്തെത്തുടർന്ന് ഞങ്ങളുടെ പ്രദേശത്തെ മിക്കവാറും എല്ലാ ഇലക്ട്രിക് പോസ്റ്റുകളും മരങ്ങൾ വീണ് തകർന്ന് പോയി. പോസ്റ്റ് യഥാസമയം കിട്ടാത്തതുകൊണ്ട് അതിന്റെ റിപ്പയറിംഗ് പണിയിൽ കുറച്ച് താമസം വന്നു. മറ്റു ജില്ലകളിൽ നിന്ന് അത് അറേഞ്ച് ചെയ്തുകൊണ്ടുവന്ന് പണി നടത്തി. എനിക്ക് ചോദിക്കാനുള്ളത് രണ്ടു കാര്യങ്ങളാണ്. ഒന്ന്, ആവശ്യമായ പോസ്റ്റുകൾ നേരത്തെതന്നെ അതാത് ജില്ലകളിൽ കരുതുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ; അതോടൊപ്പം മൂവാറ്റുപുഴയിൽ ഒരു പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ ഏരിയൽ ബഞ്ചിൽ കേബിൾ സിസ്റ്റം ഏർപ്പെടുത്തി. അത് മൂവാറ്റുപുഴ നഗരത്തിൽ മാത്രമാണ് ഉള്ളത്. ഒരുപാട് മരങ്ങളുള്ള സ്ഥലത്ത് ഉപരിതലത്തിലൂടെ പോകുന്ന ഏരിയൽ ബഞ്ചിൽ കേബിൾ സിസ്റ്റം ഏർപ്പെടുത്തിയാൽ കാലവർഷ സമയത്ത്, പ്രത്യേകിച്ച്

ഇലക്ട്രിസിറ്റിയുടെ ലൈൻ പൊട്ടി വൈദ്യുതി വിതരണം തടസ്സപ്പെടുന്നത് ഒരു പരിധി വരെ തടയാൻ കഴിയും. അതിനുള്ള നടപടികൾ ആലോചിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇതൊരു നല്ല പരിഹാരമാർഗ്ഗമാണ്. അത് ബോർഡിന് അറിയാവുന്നതാണ്. വലിയ ഒരു സംഖ്യ അതിനു വേണ്ടി ചെലവു വരും എന്നതിനാൽ കുറച്ച് കുറച്ചായി ചെയ്തുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമാകെ ഫോറസ്റ്റാണ്. അവിടെയൊന്നും അത് ചെയ്തിട്ടില്ല. മൂവാറ്റുപുഴയ്ക്ക് ഒരു പ്രത്യേക പരിഗണന ഉദ്യോഗസ്ഥർ നൽകിയതാണ് എന്ന് മാത്രം പറയുന്നു. ഇക്കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്. ഫണ്ടിന്റെ ഷോർട്ടേജാണ് പ്രശ്നം. അതിനു പരിഹാരമുണ്ടാക്കാൻ കഴിയുന്നതിനനുസരിച്ച് ഘട്ടംഘട്ടമായി അത് പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊള്ളും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബാലുശ്ശേരിയിൽ ഒരു സബ്സ്റ്റേഷൻ ഉദ്ഘാടനം ചെയ്യുന്നതിനായി കുറെ കാലമായി നമ്മൾ കാത്തിരിക്കുന്നു. ഓരോ തടസ്സങ്ങൾ പറഞ്ഞ് അത് നീണ്ടുപോവുകയാണ്. അത് എത്രയും വേഗം പരിഹരിച്ചാൽ അവിടത്തെ വോൾട്ടേജ് പ്രശ്നത്തിന് പരിഹാരമുണ്ടാകും. നിരവധി സ്ഥാപനങ്ങൾ കെ.എസ്.ഐ.ഡി.സി. ഒക്കെ വരാൻ പോകുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ കാര്യം ബഹുമാനപ്പെട്ട മെമ്പർ എന്നോട് ഒന്ന് രണ്ട് തവണ സംസാരിച്ചതാണ്. ഞാൻ തന്നെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഒരു ഫങ്ഷനിൽവച്ച് ഇത് പറഞ്ഞതാണ്. അതിന്റെ പ്രവർത്തനം യാതൊരു തടസ്സവുമില്ലാതെ നടത്തുക തന്നെ ചെയ്യും. എന്നുമാത്രമല്ല അതിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കാൻ ഇന്നുതന്നെ അദ്ദേഹവുമായി സംസാരിച്ച് ഞാനൊരു ഡേറ്റ് ഫിക്സ് ചെയ്യും.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ജലവൈദ്യുതപദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം കൊച്ചിൻ റിഫൈനറിയുടെ 24,500 കോടി രൂപയുടെ പുതിയ പ്രോജക്റ്റ് പൂർത്തിയാകുമ്പോൾ ലഭിക്കുന്ന ബൈ-പ്രോഡക്ടായ പെപ്റ്റോക് ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ അങ്ങ് നടപടി എടുത്തിട്ടുണ്ട്. റിഫൈനറിയുടെ പുതിയ പ്രോജക്റ്റ് ഉദ്ഘാടനം ചെയ്യുന്നതിനോടൊപ്പംതന്നെ വൈദ്യുതി ഉത്പാദനത്തിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിനുള്ള നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്. ഇതിനു 150 ഏക്കർ സ്ഥലം വേണം. അതിനുള്ള സ്ഥലം എഫ്.എ.സി.റ്റി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബോർഡിന്റെ ചെയർമാനും ഞാനും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി സംസാരിച്ചു. സ്ഥലം അനുവദിക്കാമെന്ന് അദ്ദേഹം

സമ്മതിച്ചിട്ടുണ്ട്. ഇപ്പോൾ ഈ വിഷയം കാബിനറ്റിലേയ്ക്ക് അയച്ചിരിക്കുകയാണെന്നാണ് അറിയുന്നത്. അത് കിട്ടിയാലുടൻതന്നെ പ്രവർത്തനം തുടങ്ങും.

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, ഇന്ന് വൈദ്യുതി ഒരവശ്യവസ്തുവാണ്. അതിന്റെ ആവശ്യകത വർദ്ധിച്ച് വരികയാണ്. പക്ഷേ അതിനനുസരിച്ച് ഫലപ്രദമായിട്ടുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഉത്പാദന രംഗത്ത് വൈദ്യുതി വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചു കാണുന്നില്ല. ഇന്നത്തെ സാഹചര്യം വച്ച് മഴ കുറയാനുള്ള സാധ്യതയാണ് കാലാവസ്ഥാ കേന്ദ്രങ്ങൾ വ്യക്തമാക്കുന്നത്. ആ സാഹചര്യത്തിൽ നദികളിലും റിസർവ്വോയറുകളിലുമൊക്കെ വെള്ളം കുറയാനുള്ള സാധ്യതയുണ്ട്. ഇക്കാരണത്താൽ വൈദ്യുതി ഉല്പാദനം കുറയും. ഇത് മനസ്സിലാക്കിക്കൊണ്ട്, ഏറ്റവും ശാസ്ത്രീയമായതും കുറേക്കൂടി ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതുമായ സോളാർ എനർജി പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച്, പ്രത്യേക സബ്സിഡി കൊടുത്തുകൊണ്ട് ജനങ്ങളിൽ ബോധവത്കരണമുണ്ടാക്കുന്നതിനും അതിന്റെ തുടക്കമെന്ന നിലയിൽ എല്ലാ ഗവൺമെന്റ് ഓഫീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് വൈദ്യുതി സംഭരിക്കുന്നതിനും അതുവഴി

കേരളത്തിന്റെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനുമാവശ്യമായ നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർ നല്ലൊരു സജഷനാണ് പറഞ്ഞത്. ഇതിനുള്ള നടപടി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എല്ലാ ഗവൺമെന്റ് ഓഫീസുകളിലും ആശുപത്രികളിലും റൂഫ് ടോപ്പ് സോളാർ പാനൽ സ്ഥാപിച്ചുകൊണ്ട് സോളാർ ജനറേറ്റ് ചെയ്യുന്നതിനുള്ള ഒരു സ്കീം തയ്യാറാക്കിക്കഴിഞ്ഞു. പ്ലാനിംഗ് ബോർഡ്, സെക്രട്ടേറിയറ്റ്, ഇലക്ട്രിസിറ്റി ബോർഡ് എന്നിവിടങ്ങളിലൊക്കെ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കിയുള്ള സ്ഥലങ്ങളിൽ കൂടി ഇത് നടപ്പിലാക്കുന്നതിനുള്ള നടപടി എടുത്തുവരികയാണ്. സോളാർ എനർജി തീരെ പ്രയോജനപ്പെടുത്താത്ത ഒരു സംസ്ഥാനമാണ് നമ്മുടേത്. 7000-ൽപ്പരം വീടുകളിൽ ഒരു കിലോവാട്ട് വച്ച് ഏതാണ്ട് 7 മെഗാവാട്ടോളം വൈദ്യുതി ഉത്പാദിപ്പിക്കാൻ തുടങ്ങിക്കഴിഞ്ഞു. കാസർഗോഡ് ആയിരം ഏക്കർ സ്ഥലത്ത് 200 മെഗാവാട്ട് ചെയ്യാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞു, ഒരു വർഷം കൊണ്ട് അത് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം.

ശ്രീ. കെ. രാജു: സർ, തെന്മല ഡാമുമായി ബന്ധപ്പെട്ട് പവർ ജനറേഷനുണ്ടെങ്കിലും മഴക്കാലത്തുപോലും ഡാമിൽ ആവശ്യത്തിന്

വെള്ളമില്ലാത്തതിനാൽ ഒരു വർഷത്തിൽ ഭൂരിപക്ഷം സമയവും ജനറേഷൻ നടക്കാത്ത സ്ഥിതിയാണുള്ളത്. റിസർവ്വോയറിന്റെ കപ്പാസിറ്റി ഏകദേശം പന്ത്രണ്ട് ശതമാനത്തോളം നികന്നുകഴിഞ്ഞതായിരുന്നു പ്രധാനപ്പെട്ട പ്രശ്നം. മണലും എക്കലും വാരി നീക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ജലസേചന വകുപ്പുമായി ചേർന്നുകൊണ്ട് അങ്ങ് മുൻകൈയെടുത്ത് അക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അക്കാര്യം പ്രത്യേകം ശ്രദ്ധിക്കാം.

മലബാർ സിമന്റ്സിന്റെ തകർച്ച

(*482) ശ്രീ. എ. കെ. ബാലൻ:

ശ്രീ. എം. ചന്ദ്രൻ:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സ് അഴിമതിയും കെടുകാര്യസ്ഥതയുംമൂലം വൻ തകർച്ച നേരിടുന്നുവെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ;

(ബി) മലബാർ സിമന്റ്സിൽ ഭീമമായ നഷ്ടം സംഭവിക്കുന്നതായ സി. ആന്റ്

എ.ജി. റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ;

(സി) ലാഭകരമായിരുന്ന മലബാർ സിമന്റ്സ് നഷ്ടത്തിലാകാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) മലബാർ സിമന്റ്സ് ലിമിറ്റഡിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും മറ്റും ഇലക്ട്രോണിക് പ്രൊക്യുവർമെന്റ് സംവിധാനം വഴിയാണ്. എല്ലാ ക്രയവിക്രിയങ്ങളും ഇന്റേണൽ ഓഡിറ്റ് ചെയ്യപ്പെടുന്നുണ്ട്. ഇവ ഓഡിറ്റ് സബ് കമ്മിറ്റിയും പരിശോധിക്കുന്നുണ്ട്. കമ്പനി ഡയറക്ടർ ബോർഡിന്റെയും, അക്കൗണ്ടന്റ് ജനറലിന്റെയും, ധനകാര്യ വകുപ്പിന്റെയും പരിശോധനയ്ക്ക് വിധേയമാണ്. കമ്പനിയുടെ മാർക്കറ്റിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാർക്കറ്റിംഗ് വിഭാഗം കൂടി ഓഡിറ്റിൽ ഉൾപ്പെടുത്തണമെന്ന് അക്കൗണ്ടന്റ് ജനറലിനോട് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങളിൽ ഇപ്പോൾ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ 3 വർഷത്തിനിടയിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ

ജനറലിന്റെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തേയ്ക്കുള്ള റിപ്പോർട്ടിൽ നീക്കിവയ്ക്കപ്പെട്ട കേരള മൂല്യവർദ്ധിത നികുതി അടയ്ക്കുന്നതിനുണ്ടായ കാലതാമസം കാരണം ഒഴിവാക്കാനാകുമായിരുന്ന പലിശയിനത്തിൽ 2.84 കോടി രൂപ അടയ്ക്കേണ്ടിവന്നുയെന്ന പരാമർശം മാത്രമാണുള്ളത്.

(സി) മലബാർ സിമന്റ്സ് ലിമിറ്റഡ് 2011-12-ൽ 50.80 കോടി രൂപയും 2012-13-ൽ 48.72 കോടി രൂപയും 2013-14-ൽ 9.35 കോടി രൂപയും 2014-15-ൽ 20.18 കോടി രൂപയും പ്രവർത്തന ലാഭം ഉണ്ടാക്കിയിട്ടുണ്ട്. ഇക്കാലയളവിൽ പ്രതിവർഷം 5 കോടി രൂപയുടെ അധിക ബാധ്യത വരുന്ന service weightage non-managerial ജീവനക്കാർക്ക് അനുവദിച്ചിരുന്നു. 2013-14-ൽ ഇന്ത്യയിൽ തന്നെ സിമന്റ് വ്യവസായം നേരിട്ട വിലയിടിവ് കാരണം കമ്പനിയുടെ ലാഭവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ കമ്പനി 9 കോടി രൂപയോളം ലാഭം നേടിയിട്ടുണ്ട്. ഇത്തവണ കമ്പനിയുടെ ചേർത്തല പ്ലാന്റും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിനാൽ ഈ വർഷം റെക്കോർഡ് ലാഭം പ്രതീക്ഷിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 2001-06-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 2.40 കോടി രൂപയായിരുന്നു മലബാർ സിമന്റ്സിന്റെ ലാഭം. 2006-11-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 245 കോടി

രൂപയായിരുന്ന ലാഭം. അതാണിപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വളരെ നാമമാത്രമായിട്ടുള്ള ലാഭത്തിലേയ്ക്ക് എത്തിയത്. സ്വകാര്യ സിമന്റ് കമ്പനികൾ വമ്പിച്ച ലാഭം നേടുമ്പോഴാണ് മലബാർ സിമന്റ്സിന്റെ ലാഭം കുറഞ്ഞു വരുന്നത്. സ്വകാര്യ കമ്പനികൾ ഉണ്ടാക്കിയിട്ടുള്ള ലാഭത്തിന്റെ കണക്കൊന്നും ഞാനിവിടെ പറയാൻ പോകുന്നില്ല. ഇതിനിടയിൽ ക്ലിംഗർ ഇറക്കുമതി ചെയ്യുന്നതോടുകൂടി മലബാർ സിമന്റ്സിന്റെ നഷ്ടം സർവ്വകാല റെക്കോർഡിലേയ്ക്ക് എത്തും. ഒരു ടൺ ക്ലിംഗർ ഉൽപ്പാദിപ്പിക്കാൻ നമ്മളിവിടെ ചെലവാക്കുന്നത് 3,000 രൂപയാണ്. എന്നാൽ അതിന്റെ ഇറക്കുമതിക്ക് 5,000 രൂപ ചെലവാകും. ഇതിന്റെ ഗുണനിവാരം ഉറപ്പുവരുത്തിയിട്ടുമില്ല. ഈ വസ്തുതകളെല്ലാം മനസ്സിലാക്കിയിട്ടാണോ ക്ലിംഗർ ഇറക്കുമതി ചെയ്യുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കമ്പനി ഈ വർഷം റെക്കോർഡ് ലാഭമുണ്ടാക്കുമെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. ഇ-പ്രൊക്യൂവർമെന്റ് ആയതുകൊണ്ട് ഇറക്കുമതി ചെയ്യുന്നതാണ് കൂടുതൽ ഗുണനിലവാരവും ലാഭവും വർദ്ധിപ്പിക്കാൻ നല്ലത് എന്നാണ് കമ്പനി മാനേജ്മെന്റ് പറയുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, റെക്കോർഡ് ലാഭം എന്നുപറയുന്നത് ഇതുവരെയുള്ളത് 9 കോടി രൂപയാണ്. ഇനിയിപ്പോൾ എങ്ങനെ റെക്കോർഡ്

കൂടിയാലും ഉണ്ടാകാൻ പോകുന്ന ലാഭത്തെ സംബന്ധിച്ച് നമുക്ക് ഊഹിക്കാം. മാക്സിമം 9 കോടിയല്ലേയുള്ളൂ. 2001-06 കാലത്ത് മലബാർ സിമന്റ്സിൽ നടന്ന കൊള്ളയെ സംബന്ധിച്ച് 4 വിജിലൻസ് കേസുകൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രജിസ്റ്റർ ചെയ്തു. 2005-ൽ ഈ സഭയിൽ ഞാൻ തന്നെ ഒരു നക്ഷത്രചിഹ്നമിട്ട ചോദ്യം കൊണ്ടുവന്നിട്ടാണ് മലബാർ സിമന്റ്സിന്റെ ഞെട്ടിപ്പിക്കുന്ന അഴിമതി പുറത്തുവന്നത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് 4 വിജിലൻസ് കേസുകൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി, കുറ്റപത്രം തയ്യാറാക്കി വിജിലൻസ് കോടതിയിൽ കൊടുത്തു. വിചാരണക്കിടയിലാണ് ചെയർമാൻ ഉൾപ്പെടെയുള്ള 3 പേരെ പ്രതിപട്ടികയിൽനിന്നും ഒഴിവാക്കി ഗവൺമെന്റ് വിജിലൻസ് കോടതിയിൽ അപേക്ഷ കൊടുത്തത്. കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ആ കാലഘട്ടത്തിലുള്ള കേസുകൾ പലതും വിജിലൻസ് അന്വേഷണം നടത്തി, ആരൊക്കെയാണ് ഉത്തരവാദികളെന്ന് കണ്ടെത്തി കോടതിയിൽ കൊടുത്തു കഴിഞ്ഞതാണ്. അന്വേഷണത്തിലിരിക്കുന്ന കേസ്സുകളും ഉണ്ടെന്നാണ് എന്റെ ഓർമ്മ. കേസ്സിന്റെ കാര്യമായതുകൊണ്ട്

ഓരോന്നിനും പ്രത്യേകം നോട്ടീസ് തന്നാൽ മാത്രമേ കൃത്യമായി മറുപടി പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കോടതിയിൽ കൊടുത്ത കുറ്റപത്രത്തിൽനിന്നും മൂന്ന് പ്രതികളെ ഒഴിവാക്കുന്നതിനായി ഗവൺമെന്റ് അപേക്ഷ കൊടുത്തു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അതൊക്കെ ആ കേസുമായി ബന്ധപ്പെട്ട ഡീറ്റെയിൽസാണ്. കോടതിയിലിരിക്കുന്ന കേസുകളെ സംബന്ധിച്ച് പരിശോധിക്കാതെ മറുപടി പറയാൻ സാധിക്കുകയില്ല. ശരിയാണ്, ചെയർമാനും ബോർഡ് അംഗങ്ങളും... ബോർഡ് അംഗങ്ങളെന്ന നിലയിലുള്ള ആളുകളെ ഉത്തരവാദിയാക്കേണ്ടതില്ല എന്നുള്ളൊരു തീരുമാനം എടുത്തതായി എന്റെ ഓർമ്മയിലുണ്ട്. പക്ഷേ അതിന്റെ ഡീറ്റെയിൽസ് പറയാൻ കഴിയില്ല.

<u>ശ്രീ. എം ചന്ദ്രൻ</u>: സർ, ഈ കഴിഞ്ഞ കാലത്ത് മലബാർ സിമന്റ്സ് ലിമിറ്റഡിൽ 600 കോടി രൂപയുടെ വെട്ടിപ്പ് നടന്നതായി സി ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ മുഖ്യസാക്ഷിയായിരുന്ന കമ്പനി സെക്രട്ടറിയായിരുന്ന ശശീന്ദ്രന്റെയും രണ്ട് കുട്ടികളുടെയും ദുരൂഹ മരണം ഇന്നും ദുരൂഹമായിത്തന്നെ തുടരുകയാണ്. സി.ബി.ഐ. അന്വേഷിച്ച് വേണ്ടത്ര രൂപത്തിൽ ഫോറൻസിക് റിപ്പോർട്ട്

പരിശോധിച്ചില്ലെന്ന അക്ഷേപം ഇപ്പോഴും നിലനിൽക്കുകയാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒരു ഫാക്ടറിയെന്നുള്ള നിലയ്ക്ക് അവിടത്തെ ഒരു ജീവനക്കാരന്റെ ദുരൂഹ മരണത്തിൽ എന്ത് നിലപാടാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്നൊന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഈ ഗവൺമെന്റ് എന്ത് നിലപാട് സ്വീകരിക്കാനാണ്; സി.ബി.ഐ.-യുടെ അന്വേഷണം നടക്കുമ്പോൾ അവർക്ക് അന്വേഷണത്തിന് ആവശ്യമായ വിവരങ്ങൾ മുഴുവൻ കൊടുക്കുക എന്നുള്ളതാണ് കമ്പനിക്ക് ചെയ്യാനുള്ളത്. സി.ബി.ഐ. ആവശ്യപ്പെട്ട ഫയലുകൾ മുഴുവൻ കൊടുത്തിട്ടുണ്ട്, അന്വേഷണവും നടക്കുന്നുണ്ട്. സി.ബി.ഐ. അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസിന്റെ സകല ഡീറ്റെയിൽസും ഞങ്ങൾക്കെങ്ങിനെ പറയാൻ സാധിക്കും; കമ്പനിയിൽനിന്ന് എന്താവശ്യപ്പെട്ടാലും ആ ഡീറ്റെയിൽസ് കൊടുക്കും. മാത്രമല്ല ഈ മരണം സംബന്ധിച്ച് കൂടുതൽ അന്വേഷിക്കണം എന്നുപറഞ്ഞ് ഹൈക്കോടതിയിൽ ഒരു കേസ് നടക്കുന്നുണ്ട്. അതൊക്കെയല്ലാതെ അതിനപ്പുറം എനിക്ക് പറയാൻ കഴിയില്ലല്ലോ. ആവശ്യപ്പെട്ട ഫയലുകൾ സി.ബി.ഐ.-ക്ക് കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, മലബാർ സിമന്റ്സിലെ ഉൽപ്പാദനവുമായി

ബന്ധപ്പെട്ടുകൊണ്ട് 24 വർഷമായി അവിടെ 250-ഓളം തൊഴിലാളികൾ കമ്പനിയിൽ ജോലി ചെയ്യുന്നുണ്ട്. 2011-ൽ ഇവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി മാനേജ്മെന്റും യൂണിയൻ പ്രതിനിധികളും ലേബർ കമ്മീഷൻ മുമ്പാകെ എഗ്രിമെന്റ് വച്ചു. ആ കരാർ നടപ്പിലാക്കിയില്ല. ഇപ്പോൾ ഈ തൊഴിലാളികളെ നിയമിക്കുന്നതിനു പകരം പുതിയതായി പുറംവാതിലിൽ കൂടി പരസ്യം നൽകി നിയമനം നടത്താൻ പോവുകയാണ്. ഞാൻ ചോദിക്കുന്നത്, പഴയ കരാർ പ്രകാരമുള്ള തൊഴിലാളികളെ നിയമിക്കാൻ ഗവൺമെന്റ് നടപടിയെടുക്കുമോ; പരസ്യം റദ്ദ് ചെയ്യുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ചോദ്യത്തിൽ പറയുന്ന രണ്ടും തമ്മിൽ ഒത്തുപോകില്ല. ചോദ്യം തന്നെ പിൻവാതിലിലൂടെ പരസ്യം നൽകിയെന്നാണ്. പരസ്യം നൽകിയാൽ പിന്നെ പിൻവാതിലിലൂടെ നിയമനം നടത്തിയെന്ന് പറയാൻ പറ്റില്ലല്ലോ. പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നും ഇപ്പോൾ കാര്യമായി റിക്രൂട്ട്മെന്റുകളൊന്നും നടക്കുന്നില്ല. അവിടെയുള്ള യൂണിയൻകാരൊക്കെ പറയുന്ന നിയമനം മാത്രം നടത്തണമെന്ന് പറഞ്ഞാൽ ചിലപ്പോൾ നടന്നുവെന്ന് വരില്ല. നിയമനം ആവശ്യമായി വരുകയാണെങ്കിൽ പരസ്യം നൽകി, ടെസ്റ്റ് നടത്തി വളരെ സിസ്റ്റമാറ്റിക്കായി മാത്രമെ പൊതുമേഖലയിൽ റിക്രൂട്ട്മെന്റ് നടക്കുന്നുള്ളൂ.

മിനിഞ്ഞാന്ന് ഒരു മെമ്പർ സംസാരിച്ചപ്പോൾ റിക്രൂട്ട്മെന്റ് നടത്തുന്നില്ലായെന്ന ആക്ഷേപം പറയുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അതിനുള്ള ആരോഗ്യമുണ്ടെങ്കിൽ മാത്രം പുതുതായി ആളുകളെ നിയമിക്കുന്നുള്ളൂ. എവിടെയാണെങ്കിലും പരസ്യം ചെയ്ത്, ടെസ്റ്റും ഇന്റർവ്യൂ നടത്തി അതിനൊക്കെ മാർക്ക് നിശ്ചയിച്ച് സിസ്റ്റമാറ്റിക്കായി മാത്രമേ ഇപ്പോൾ റിക്രൂട്ട്മെന്റ് നടത്തുന്നുള്ളൂ. അല്ലാത്തതൊന്നും കാണില്ല. മലബാർ സിമന്റ്സിൽ ഇങ്ങനെയൊരു ഡിമാന്റ് യൂണിയൻകാർ വച്ചിട്ടുണ്ട്. അതിന് പല വാദങ്ങളുമുണ്ട്. അക്കാര്യം പരിശോധിക്കാം.

ശ്രീമതി കെ. എസ്. സലീഖ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 245 കോടി രൂപയായിരുന്നു മലബാർ സിമന്റ്സിന്റെ ലാഭം. ആ കാലത്ത് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ യഥാസമയം നടപടി സ്വീകരിച്ചിരുന്നു. 2011 മുതൽ 2014 വരെയുള്ള ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മലബാർ സിമന്റ്സ് 100 കോടി രൂപയുടെ നഷ്ടം വരുത്തിയെന്ന് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ട് വന്നിരിക്കുകയാണ്. സ്ഥാപനത്തിന് തകർച്ചയുണ്ടാകുന്നതോടൊപ്പം തന്നെ 700-ഓളം വരുന്ന തൊഴിലാളികളുടെ ഭാവി തുലാസിലാകുന്നൊരു സ്ഥിതിയുണ്ടാകും. റെക്കോർഡ് വിലയാണ് ഈ കാലത്ത് സിമന്റിന് ഉണ്ടായിട്ടുള്ളത്. എന്നിട്ടുപോലും എങ്ങനെയാണ് മലബാർ സിമന്റ്സിന് ഇത്ര നഷ്ടം

സംഭവിച്ചത് എന്ന് വിലയിരുത്തിയിട്ടുണ്ടോ; തൊഴിലാളികളെ സംരക്ഷിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കുമോ; ഉൽപ്പാദന രംഗത്തും വിൽപ്പന രംഗത്തും സുതാര്യത ഉറപ്പുവരുത്താനാവശ്യമായ നിലപാട് ഉണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, 100 കോടി രൂപ നഷ്ടം വരുത്തിയെന്ന് സി. ആന്റ് എ.ജി. പറഞ്ഞത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാരണം സി. ആന്റ് എ.ജി.-യുടെ പരാമർശം ഞാനിവിടെ വായിച്ചു. ഉണ്ടെങ്കിൽ അത് പരിശോധിക്കാം. ഒന്നാമത്, മലബാർ സിമന്റ്സ് 100 രൂപ നഷ്ടം വരുത്തിയിട്ടില്ല. പക്ഷെ ലാഭത്തിൽ അൽപ്പം കുറവുണ്ടായി. അത് കഴിഞ്ഞ വർഷവും ഈ വർഷവും നല്ല തോതിൽ മേക്കപ്പ് ചെയ്ത് പോകുന്നുമുണ്ട്. അതാണ് സ്ഥിതി.

ശ്രീ. സി. പി. മുഹമ്മദ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മലബാർ സിമന്റിന്റെ ലോറിയിൽ മദ്യം കടത്തുന്ന അനുഭവം വരെയുണ്ടായിട്ടുണ്ട്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മലബാർ സിമന്റിന്റെ ഭരണം വളരെ കാര്യക്ഷമമായാണ് മുന്നോട്ടു പോകുന്നത്. ആധുനിക കാലഘട്ടത്തിൽ ലോകവ്യാപകമായി സിമന്റ് കമ്പനിയിൽ നടക്കുന്നതുപോലെയുള്ള ആധുനികവത്ക്കരണം മലബാർ സിമന്റ്സിൽ അത്യാവശ്യമാണ്. ആധുനികവത്ക്കരണത്തിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും മോണിറ്റർ ചെയ്യുന്ന റിയാബിന്റെ ചെയർമാൻ തന്നെയാണ് മലബാർ സിമന്റ്സിന്റെയും എം.ഡി. വളരെ കർശനമായും സുതാര്യമായും എഫിഷ്യന്റായിട്ടുമാണ് കമ്പനിയുടെ മാനേജ്മെന്റ് പോകുന്നത്. മാർക്കറ്റ് കണ്ടീഷൻ അനുസരിച്ച് ലാഭത്തിൽ ഏറ്റക്കുറച്ചിലുണ്ടാകും. ഇപ്രാവശ്യം നല്ല ലാഭം പ്രതീക്ഷിക്കുന്നുണ്ട്. ആധുനികവത്ക്കരണം വേണ്ട പല മേഖലകളുമുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, മലബാർ സിമന്റ്സിന്റെ അരൂർ - പള്ളിപ്പുറം ഗ്രൈന്റിംഗ് യൂണിറ്റിന്റെ പ്രവർത്തനം നിലച്ച് വർഷങ്ങളോളം പ്രവർത്തനമില്ലാതെ കിടക്കുകയായിരുന്നു. അങ്ങ് തന്നെ മുൻകയ്യെടുത്ത് അതിന്റെ പ്രവർത്തനം പുനരാരംഭിച്ചതിനെ അഭിനന്ദിക്കുന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നമ്മളെല്ലാവരുംകൂടി പങ്കെടുത്ത് അതിന്റെ ഉദ്ഘാടനം നടത്തിയിരുന്നു. അതുകഴിഞ്ഞ് ഒരു മാസം തികയുന്നതിന് മുമ്പായി അതിന്റെ ബെയറിംഗ് പോയി. ഒന്നര മാസക്കാലം പിന്നെയും പ്രവർത്തനം നിലച്ചു. ബെയറിംഗ് നന്നാക്കി തിരിച്ച് കൊണ്ടുവരാൻവേണ്ടി ഒന്നരമാസമെടുത്തിട്ടും ഇതുവരെ പൂർണ്ണമായിട്ടില്ല. ഈ നിലയിൽ ഒരു ചെറിയ കാര്യം വന്നാലും അതെല്ലാം

ഹെഡ് ഓഫീസുമായി ബന്ധപ്പെട്ടുത്തിമാത്രം പരിഹാരം കാണേണ്ടതും പ്രവർത്തനത്തിനെ മുന്നോട്ടു കൊണ്ടുപോകേണ്ടതുമായ സ്ഥിതിയാണ്. ഇങ്ങനെ ഓരോ സംഭവം ഉണ്ടാകുമ്പോഴെല്ലാം വലിയ കാലതാമസമാണ് നേരിടുന്നത്. ആ ഗ്രൈന്റിംഗ് യൂണിറ്റിനെ ആശ്രയിച്ചാണ് വലിയതോതിൽ പ്രവർത്തനലാഭം വരുമെന്ന് അങ്ങ് മറുപടിയിലും പറഞ്ഞത്. പക്ഷേ അതിന്റെ പ്രവർത്തനം നിശ്ചലമായിരിക്കുകയാണ്. ഇങ്ങനെ ആവർത്തിച്ചുണ്ടാകുന്ന ഈ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് വലിയ തോതിലുള്ള ശ്രദ്ധ ആവശ്യമാണ്. അങ്ങ് പറഞ്ഞതുപോലെ എം.ഡി.ക്ക് ഒരുപാട് ചുമതലയുണ്ടെങ്കിലും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ മാത്രമാണ് എന്തെങ്കിലും പരിഹാരം ഉണ്ടാകുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ഉദ്യോഗസ്ഥ പുനർ വിന്യാസം നടത്തുന്നതിനും ഗ്രൈന്റിംഗ് യൂണിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ചേർത്തല യൂണിറ്റുകൂടി പ്രവർത്തനം ആരംഭിച്ചതുകൊണ്ടാണ് ലാഭം കൂടുന്നതെന്ന് ഞാൻ പറഞ്ഞത് ശരിയാണ്. അങ്ങനെയാണ് എസ്റ്റിമേഷൻ. കേട് വന്നതിപ്പോൾ ശരിയായിട്ടുണ്ട്. ഈ ആഴ്ചതന്നെ പ്രവർത്തനം ആരംഭിക്കും. അതുസംബന്ധിച്ചുള്ള റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ സിമന്റ്സിന് ജനങ്ങളുടെ ഇടയിൽ ഒരു ക്രഡിബിലിറ്റി കൈവന്നിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഗുണനിലവാരമില്ലാത്ത പല ഉല്പന്നങ്ങളുണ്ട്. പക്ഷെ ജനങ്ങൾ അതുതന്നെയാണ് വാങ്ങുന്നത്. ജനങ്ങളുടെ ചുണ്ടിൽ തത്തിക്കളിക്കുന്ന പേരുകളാണ് അത്തരം ഗുണനിലവാരമില്ലാത്ത ഉല്പന്നങ്ങൾ. പക്ഷേ മലബാർ സിമന്റിന് ഗുണനിലവാരം ഉണ്ടെങ്കിലും മറ്റുള്ള സിമന്റുകളോട് കിടപിടിക്കാൻ ഇപ്പോൾ നമുക്ക് പറ്റുന്നില്ല. അത് പരസ്യത്തിന്റെ കുറവാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മറ്റൊന്ന്, നമ്മുടെ സർക്കാരിന്റെ കീഴിലുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് മലബാർ സിമന്റ് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന ഒരു നിയമം കൊണ്ടുവന്നുകൂടേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അത് നിർബന്ധിച്ച് പറയാൻ പറ്റില്ല. കാരണം മാർക്കറ്റെപ്പോഴും ഉപഭോക്താവിന്റെ താല്പര്യം കൂടി പരിഗണിക്കും. പക്ഷേ മലബാർ സിമന്റ്സിന്റെ ക്വാളിറ്റി, ബ്രാന്റ് നെയിം ഇതിലൊന്നും പ്രശ്നങ്ങളില്ല. മാത്രമല്ല, വില്പനയിലും പ്രശ്നമില്ല. സ്റ്റോക്ക് കുന്നുകൂടിക്കിടക്കുന്ന സ്ഥിതി ഇപ്പോഴില്ല. ഇപ്പോൾ സിമന്റിന് ആവശ്യക്കാർ കൂടുതലാണ്.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, പ്രതിസന്ധിയിലകപ്പെട്ട മറ്റൊരു വ്യവസായമാണ്

കേരള ദിനേശ് ബീഡി. അതിൽനിന്ന് 45 വയസ്സ് പൂർത്തിയാക്കി സ്വയം വിരമിക്കുന്നവർക്ക് പ്രതിമാസം 500 രൂപ വീതം പ്രത്യേക ധനസഹായമാണ് നേരത്തേ നൽകി വന്നിരുന്നത്. 2013 മാർച്ച് മാസം മുതൽ ആ തുക ഇപ്പോൾ കുടിശ്ശികയാണ്. ഏതാണ്ട് 2700 തൊഴിലാളികൾ മാത്രമാണിപ്പോൾ അതിന് അർഹരായിട്ടുള്ളത്. അവർക്ക് ഓണത്തിന് മുമ്പ് ഈ തുക കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബീഡി തൊഴിലാളികളുടെ ആശ്വാസ പെൻഷൻ റെഗുലറായിട്ടുള്ള പെൻഷനായി അംഗീകരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് ഈ കുടിശ്ശിക വരുന്നത്. ഇത് ഒറ്റത്തവണ കൊടുക്കുകയാണുണ്ടായത്. അക്കാര്യം എം.എൽ.എ.-യ്ക്ക് അറിയാം. അത് റെഗുലറായിട്ടുള്ള പെൻഷനായി അംഗീകരിക്കാനുള്ള ഒരു പ്രൊപ്പോസൽ ഇപ്പോൾ വീണ്ടും പരിഗണിക്കുന്നുണ്ട്. അത് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് തോന്നുന്നത്.

ശ്രീ. എം. ഉമ്മർ: സർ, ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോഴുണ്ട്; അതോടൊപ്പം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനുവേണ്ടി സഹായകരമായ

എന്തെല്ലാം മെഷേഴ്സാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുക്കുന്നതെന്ന് വിശദീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കഴിഞ്ഞവർഷം 15 പൊതുമേഖലാ സ്ഥാപനങ്ങൾ ഗവൺമെന്റിന്റെ സഹായമൊന്നും കൂടാതെതന്നെ ലാഭത്തിലായിട്ടുണ്ട്. ഗവൺമെന്റ് സപ്പോർട്ട് ഫണ്ട് കൊടുക്കുന്നതിനനുസരിച്ച് പ്രോഫിറ്റ്-ലോസിൽ ഏറ്റക്കുറച്ചിൽ കാണിക്കുന്ന കുറേ പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഇപ്പോൾ ഫിനാൻഷ്യൽ ഇയർ പൂർത്തിയായിട്ടില്ല. ഇത്തവണ 15 എണ്ണത്തിൽ നിന്ന് കുറച്ചുകൂടി പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഫണ്ട് നന്നായി കൊടുക്കുന്നുണ്ട്. ഭീമമായ തുക ഫണ്ട് സപ്പോർട്ട് കൊടുത്താണ് പല പൊതുമേഖലാ സ്ഥാപനങ്ങളും നിലനിർത്തുന്നത്. അതുപോലെ മറ്റുപല സഹായങ്ങളും ഗവൺമെന്റ് കൊടുക്കുന്നുണ്ട്. ഗവൺമെന്റിന്റെ സപ്പോർട്ടോടുകൂടിയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ഇങ്ങനെ ആരോഗ്യകരമായി നിൽക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, റാ മെറ്റീരിയൽസിന്റെ പ്രൊക്യൂർമെന്റ് ഇലക്ട്രോണിക് പ്രൊക്യൂർമെന്റാക്കി എന്ന് പറഞ്ഞു. അങ്ങനെ ആക്കിയപ്പോൾ റാ മെറ്റീരിയൽസ് അക്വയർ ചെയ്യുന്ന കോസ്റ്റിലോ മറ്റോ ഉണ്ടാകുന്ന നേട്ടങ്ങളെ

ക്വാണ്ടിഫൈ ചെയ്യാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ? മലബാർ സിമന്റ്സിൽ ഇപ്രാവശ്യം റിക്കോർഡ് വളർച്ച ഉണ്ടാകുമെന്ന് അങ്ങ് പറഞ്ഞു. ജീവനക്കാരുടെ ആനുകൂല്യങ്ങൾ, ശമ്പളം തുടങ്ങിയ മറ്റ് കാര്യങ്ങളിലെന്തെങ്കിലും പെന്റിംഗ് നിൽക്കുന്നുണ്ടോ; അതെല്ലാം കൃത്യമായിട്ടാണോ നടക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പൊതുമേഖലയിൽ അഞ്ച് ലക്ഷത്തിന് മുകളിലുള്ളത് മുഴുവൻ ഇ - പ്രൊക്യൂർമെന്റ് ആക്കിയിരിക്കുകയാണ്. പൊതുമേഖലയിലിപ്പോൾ ഇ-പ്രൊക്യൂർമെന്റ് ഏതാണ്ട് പൂർണ്ണമായി നടപ്പിലാക്കിയിരിക്കുകയാണ്. അതുകൊണ്ട് അഴിമതിക്കോ മറ്റ് തരത്തിലുള്ള വെട്ടിപ്പിനോയുള്ള സാധ്യത ഒട്ടുമില്ല. ജീവനക്കാരുടെ ആനുകൂല്യം വലുതായിട്ടൊന്നും എവിടെയും പെന്റിംഗിൽ വച്ചിട്ടില്ല. പലയിടത്തും ഗൈഡ്ലൈനും മാനദണ്ഡവുമനുസരിച്ച് കൊടുക്കാൻ പാടില്ലാത്തതാണെങ്കിൽപ്പോലും തൊഴിലാളികളെ കഷ്ടപ്പെടുത്തരുതെന്നുള്ള നിലയിൽ കാബിനറ്റിൽ കൊണ്ടുപോയി പ്രത്യേക തീരുമാനമെടുത്ത് തൊഴിലാളികളുടെ ആനുകൂല്യം കൊടുത്തുവരികയാണ്. മലബാർ സിമന്റ്സിലടക്കം എവിടെയും വലിയ പെന്റിംഗ് ഒന്നുമില്ല.

പ്രത്യേക സാമ്പത്തിക മേഖല

3(*483) ശ്രീ. ബി. സത്യൻ:
ശ്രീ. എം. എ. ബേബി:

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
ശ്രീ. കെ.വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി എന്തൊക്കെ വ്യാവസായിക ഗുണങ്ങളാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി മറ്റ് മേഖലകളിൽ നിന്നും വ്യത്യസ്തമായി സർക്കാരിന് ലഭിക്കേണ്ട വിവിധ നികുതിയിനത്തിൽ എന്തെല്ലാം കുറവുകളാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കാമോ;

(സി) പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി ലക്ഷ്യമിടുന്ന ഫലം പ്രാപ്തമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സ്ഥാപനങ്ങളാണ് ഉദ്ദേശിച്ച രീതിയിൽ പ്രവർത്തനക്ഷമമായിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ,

(എ) അധിക സാമ്പത്തിക വളർച്ച നേടിയെടുക്കുക, കയറ്റുമതി പ്രോത്സാഹിപ്പിക്കുക, ആഭ്യന്തര - വിദേശ സ്രോതസ്സുകളിൽനിന്നുള്ള നിക്ഷേപം

പ്രോത്സാഹിപ്പിക്കുക, അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കയറ്റുമതി അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നിവയാണ് പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി ലക്ഷ്യമിട്ടിരുന്നത്.

(ബി) പ്രത്യേക സാമ്പത്തിക മേഖലയിലെ യൂണിറ്റുകൾക്കായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന നികുതി ഇളവുകൾ അനുവദിച്ചു നൽകുന്നുണ്ട്.

- കെട്ടിട നിർമ്മാണത്തിനും അടിസ്ഥാന സൗകര്യത്തിനും ഉപയോഗിക്കുന്ന കെട്ടിട സാമഗ്രികൾക്ക് അതിന്റെ ഡെവലപ്പറോ യൂണിറ്റോ നൽകേണ്ട നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ അത്തരം യൂണിറ്റുകളിൽ ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളിന്മേലും അസംസ്കൃത വസ്തുക്കളിന്മേലും യൂണിറ്റുകൾ നൽകേണ്ട VAT നികുതിയും ഒഴിവാക്കിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി VAT നിയമത്തിലെ വകുപ്പ് 6 (7)(b) പ്രകാരമാണ് ഇത്തരം നികുതിയിളവുകൾ നൽകിയിരിക്കുന്നത്.
- പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 200 പ്രകാരമുള്ള സെസ്, നികുതി എന്നിവ ഈടാക്കുന്നതിൽ നിന്നും ഡെവലപ്പർ/യൂണിറ്റിന് ഇളവ് നൽകി വരുന്നുണ്ട്.

- മുൻസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 230 പ്രകാരമുള്ള സെസ്, നികുതി എന്നിവ ഈടാക്കുന്നതിൽ നിന്നും ഡെവലപ്പർ/യൂണിറ്റിന് ഇളവ് നൽകി വരുന്നുണ്ട്.

(സി & ഡി) ഇക്കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിലെ യൂണിറ്റുകൾ ഏറെക്കുറെ തൃപ്തികരമായ നിലയിൽത്തന്നെയാണ് പ്രവർത്തിക്കുന്നത്.

2013 - 2014, 2014 - 2015 കാലഘട്ടത്തിൽ സ്വർണ്ണ നാണയങ്ങളുടെയും മെഡലുകളുടെയും നിർമ്മാണത്തിലും, കയറ്റുമതിയിലും ഉണ്ടായിരുന്ന നിരോധനം കാരണം ഈ കയറ്റുമതി ഇനത്തിലെ യൂണിറ്റുകളുടെ വരുമാനത്തിന് ഇടിവ് വന്നിട്ടുണ്ടെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു യൂണിറ്റുകൾ മുഖേന പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദ വിവരവും 2012 - 2013 മുതൽ 2014 - 2015 വരെ തൊഴിൽ നൽകിയവരുടെ എണ്ണവും നിക്ഷേപവും സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, 1990-കളിൽ രാജ്യത്താകമാനം ആരംഭിച്ച ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയത്തിന്റെ ഭാഗമായി പല പുതിയ സംരംഭങ്ങളും നാട്ടിൽ ആരംഭിച്ചു. ദൈവത്തിന്റെ സ്വന്തം നാടാണ് നമ്മുടെ കേരളം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നിരവധി തൊഴിൽ മേഖലകളിലേയ്ക്ക് പുതിയ പുതിയ സംരംഭങ്ങൾ വ്യവസായ വകുപ്പ് പ്രഖ്യാപിക്കുകയും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. ഇവിടെ ഞാൻ സൂചിപ്പിക്കുന്നത് സ്പെഷ്യൽ എക്കണോമിക് സോൺ എന്ന നിലയിൽ പ്രത്യേകമൊരു അടയാളം ചാർത്തി ഏതാനും സംരംഭങ്ങൾ രാജ്യത്ത് ആരംഭിക്കുന്നതിനുള്ള നീക്കം ആരംഭിച്ചതിനെത്തുടർന്ന് പഞ്ചായത്ത് രാജ് നിയമം ഉൾപ്പെടെയുള്ള എല്ലാ നിയമങ്ങളും കാറ്റിൽ പറത്തി. ഇത്തരം നീക്കങ്ങൾ തടയുന്നതിന് രാജ്യത്ത് നിലനിൽക്കുന്ന ഒരു നിയമവും ബാധകമല്ലേ? ബ്രിട്ടീഷുകാരുടെ കാലത്ത് തുടങ്ങിവച്ച തൊഴിൽ തർക്ക നിയമം, Industrial Disputes Act തുടങ്ങിയ തൊഴിൽ നിയമങ്ങളെല്ലാം കാറ്റിൽ പറത്തി, സ്വതന്ത്രമായി, എല്ലാ നിയമങ്ങളേയും വെല്ലുവിളിച്ചുകൊണ്ട് മുന്നോട്ട് പോകാൻ സർക്കാർ നൽകുന്ന ഒരു അംഗീകാരംപോലെ ഈ സംരംഭങ്ങൾ മാറുന്നോ എന്ന് അങ്ങ്

പരിശോധിച്ചിട്ടുണ്ടോ? ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്ന ആളുകൾ ഈ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളെല്ലാം അംഗീകരിച്ചാണോ പ്രവർത്തിക്കുന്നതെന്ന് അങ്ങ് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പ്രത്യേക സാമ്പത്തിക മേഖല എന്ന് പറയുന്നത് ലോകം മുഴുവനുള്ളതാണ്. എക്സ്പോർട്ട് ഓറിയന്റഡായ വ്യവസായങ്ങൾക്ക് ലോകത്തുള്ള പല രാജ്യങ്ങളും മറ്റ് സംസ്ഥാനങ്ങളും കൊടുക്കുന്ന ആനുകൂല്യം ഇവിടെ കൊടുക്കാതിരുന്നാൽ നമ്മൾ മുരടിച്ച് പോകും. അതുകൊണ്ടാണ് നമ്മളും പ്രത്യേക സാമ്പത്തിക മേഖലകൾ അനുവദിച്ചിരിക്കുന്നത്. ഐ.റ്റി. പോലെയുള്ള എക്സ്പോർട്ട് ഓറിയന്റഡായിട്ടുള്ള വ്യവസായങ്ങൾ ഉണ്ടാകുന്നതുകൊണ്ട് നമുക്ക് ഒരുപാട് ഗുണങ്ങൾ വേറെയുണ്ട്. ഇപ്പോൾ എംപ്ലോയ്മെന്റിന്റെ കാര്യം തന്നെയെടുക്കാം. ഐ.റ്റി. മേഖലകളിൽ വരുന്ന തൊഴിലവസരങ്ങളുടെ എണ്ണമെത്രയാണ്. ടെക്നോപാർക്ക് പോലുള്ള മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ എണ്ണവും അവിടെയുള്ള എംപ്ലോയ്മെന്റ് ഓപ്പർച്യൂണിറ്റിയും വളരെ കൂടുതലാണ്. അതുകൊണ്ട് നമ്മുടെ സ്റ്റേറ്റിനെ

കോമ്പറ്റിറ്റീവാക്കാൻ വേണ്ടി മറ്റുള്ളിടത്തുള്ളതുപോലെ ചില ആനുകൂല്യങ്ങൾ നമ്മളും കൊടുക്കേണ്ടതായിവരും. പക്ഷേ ചൂഷണം പോലുള്ള നടപടികൾ ഉണ്ടാവുകയാണെങ്കിൽ ഇടപെടാനുള്ള നിയമങ്ങളും നമുക്കുണ്ട്.

ശ്രീ. ബി. സത്യൻ: സർ, അടിസ്ഥാന സൗകര്യ വികസനത്തിന് നാട്ടിൽ ലഭ്യമായിട്ടുള്ള അസംസ്കൃത സാധനങ്ങൾ വിനിയോഗിക്കുക എന്നുള്ളതിനെ സംബന്ധിച്ച് ഒരു നയം വേണമല്ലോ. ഇന്നിപ്പോൾ നമ്മൾ കാണുന്നത് ഒരു കാലത്തുണ്ടായിരുന്ന മലകളെല്ലാം പുഴകളായി മാറുകയാണ്. എല്ലാം ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെ വ്യക്തമായ ഒരു നയമുണ്ടോ. ഇവിടെ കുറെ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ക്വാറികളിൽ നിന്ന് ലഭിക്കുന്ന മെറ്റലും മറ്റ് അസംസ്കൃത സാധനങ്ങളുമാണ് റോഡ് നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കും വിനിയോഗിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങൾക്കായി റവന്യൂ വകുപ്പും വ്യവസായ വകുപ്പും മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റും കുറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ ഏകോപിതമായിട്ടുള്ള ഒരു നയം നമുക്കുണ്ടോ? മണലിന്റെ ലഭ്യതയിൽ ഇന്ന് കള്ളത്തരമല്ലേ കാണിക്കുന്നത്. ഇന്ന് കടൽപ്പുറത്തുനിന്നും ശേഖരിച്ചുകൊണ്ട് വരുന്ന

മണലാണ് നിർമ്മാണ പ്രവർത്തികൾക്ക് ഉപയോഗിക്കുന്നത്. അപ്പോൾ ഈ കാര്യങ്ങളിൽ ഒരു വ്യക്തമായിട്ടുള്ള നയം വേണം. ഈ സോണലിൽ തന്നെ ഇത് ആരംഭിക്കണമെങ്കിൽ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കണം. ഇന്ന് അതിന്റെ ലഭ്യത എങ്ങനെയാണ്; അത് സംബന്ധിച്ച് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ; ഒരു ഏകോപിത നയമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ പറഞ്ഞ അസംസ്കൃത വസ്തുക്കളുടെ മുഴുവൻ optimum use-ഉം അതിന് ബാലൻസ്ഡ്ഡായിട്ടുള്ള ഒരു നയവും വേണം എന്ന ബഹുമാനപ്പെട്ട മെമ്പറുടെ നിലപാട് ശരിയാണ്. ധാരാളം കുന്നുകളും മലകളും പാറകളുമൊക്കെ ഇടിക്കുകയും പുഴകളിൽനിന്നും മണലൊക്കെ കോരുകയും ചെയ്യുന്നത് അനുവദിക്കാൻ സാധിക്കില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒട്ടേറെ നിബന്ധനകളും ഒരുപാട് നിയന്ത്രണങ്ങളും കൊണ്ടുവന്നതിനാൽ ഇപ്പോൾ ഇത് വളരെ കുറഞ്ഞിട്ടുണ്ട്. അതിനുപോലും വിമർശനവുമുണ്ട്. പാറ ഖനനം നടത്തണമെങ്കിൽ environment ക്ലിയറൻസ് വേണം തുടങ്ങിയ ഒരുപാട് പുതിയ കണ്ടീഷൻസൊക്കെ കൊണ്ടുവന്നു. ഇത് നിർമ്മാണ മേഖലയെ പ്രതികൂലമായി

ബാധിക്കുന്നുവെന്ന് പറഞ്ഞ് തൊഴിലാളികളികൾ സമരത്തിലാണ്. ഇത് ഒരു ദൂഷിത വലയമാണ്. കാരണം രണ്ട് പ്രശ്നങ്ങളുണ്ട്. ഒന്ന്, നിയന്ത്രണം തുടങ്ങിയാൽ അപ്പോൾ പറയും നിർമ്മാണ മേഖല സ്തംഭിച്ചുവെന്ന്. രണ്ട്, ഇത് അനിയന്ത്രിതമായി വിട്ടാൽ ഒന്നും ബാക്കിയുണ്ടാവില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങളാൽ ഇത് വലിയൊരു ഇഷ്യൂതന്നെയാണ്. ഇത് നമ്മൾ ചർച്ച ചെയ്യേണ്ട കാര്യം തന്നെയാണ്.

ശ്രീ. എം. എ. ബേബി: സർ, പ്രത്യേക സാമ്പത്തിക മേഖലകളിൽ നൽകേണ്ടിവരുന്ന നികുതിയിളവ് ഗവൺമെന്റ് നടത്തുന്ന നിക്ഷേപമായി പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം. ആ നിലയിൽ നൽകിയ നികുതിയിളവുകൾ quantify ചെയ്യാനുള്ള ഒരു ശ്രമം നടത്തുമോ? ചേർത്തല, കോഴിക്കോട്, കൊല്ലം ജില്ലയിലെ കുണ്ടറ എന്നിവിടങ്ങളിൽ KSITIL സ്ഥാപിച്ചിട്ടുണ്ട്. മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ കുണ്ടറയിൽ അതിന്റെ ഉദ്ഘാടനത്തിന് വന്നതാണ്. പക്ഷേ അതിനെ ശക്തിപ്പെടുത്താനായി ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണം. അതിനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? ഇവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ

മനുഷ്യാവകാശവും തൊഴിലവകാശവും സംരക്ഷിക്കുന്ന സമീപനം സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇപ്പോൾ KSITIL-ന്റെ കീഴിലുള്ള ചേർത്തല, കുണ്ടറ, കോഴിക്കോട് എന്നിവിടങ്ങളിലുള്ള ഐ.റ്റി. പാർക്കുകളെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരുപാട് നടപടികൾ അടുത്ത കാലത്ത് ഗവൺമെന്റ് നടത്തിയിട്ടുണ്ട്. മാത്രമല്ല അതിൽ പലതിന്റേയും നിർമ്മാണപ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ഇനി പുതിയ കമ്പനികളെ കൊണ്ടുവന്ന് അതിന്റെ ശക്തമായ മാർക്കറ്റിംഗാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ ചില കമ്പനികൾ വന്നിട്ടുണ്ട്. നല്ല ഒക്കുപൻസി തുടങ്ങിയിട്ടുണ്ട്. തീർച്ചയായും അവിടെ ജോലിചെയ്യുന്നവരുടെ മനുഷ്യാവകാശങ്ങളിൽ ഗവൺമെന്റ് ശ്രദ്ധിക്കും. അതിന് ഗവൺമെന്റിന് നിയമവും അധികാരവുമുണ്ട്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെയും സംസ്ഥാനത്തിന്റേതുമായ നിയമങ്ങൾ പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് ബാധകമായിട്ടുണ്ട്. അതുകൊണ്ട് അങ്ങനെ ക്വാണ്ടിഫൈ ചെയ്യാൻ കഴിയില്ല. പക്ഷേ നമ്മൾ രണ്ടുംകൂടി എടുത്തു നോക്കുമ്പോൾ പ്രത്യേക സാമ്പത്തിക മേഖലയിൽ നമ്മൾ ഇളവ് കൊടുക്കുന്നുണ്ടെങ്കിലും ആത്യന്തികമായി ഒരുപാട് പ്ലസ് പോയിന്റ്സ് ഉണ്ട്.

ക്വാണ്ടിഫൈ ചെയ്യുകയെന്നത് സാധ്യമായ ഒരു കാര്യമാണെങ്കിലും, അങ്ങനെയൊരു പതിവ് ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. എ. പ്രദീപ് കുമാർ: സർ, അങ്ങ് ഇവിടെ നൽകിയ മറുപടിയിൽ പ്രത്യേക സാമ്പത്തിക മേഖലയ്ക്കായിട്ട് ഗവൺമെന്റ് നൽകുന്ന നികുതിയിളവുകളെ സംബന്ധിച്ചൊക്കെ വിശദമായി പറഞ്ഞു. പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനംവഴി ലക്ഷ്യമിടുന്ന ഫലം പ്രാപ്തമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന ചോദ്യത്തിന് അങ്ങനെ വിലയിരുത്തിയിട്ടുണ്ടെന്നും യൂണിറ്റുകളൊക്കെ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്നുമാണ് മറുപടി പറഞ്ഞത്. കോഴിക്കോട് സൈബർ പാർക്കിന് പ്രത്യേക സാമ്പത്തിക മേഖലാ പദവിയുള്ളതാണ്. ഗവൺമെന്റ് സൈബർ പാർക്കിനും അതുപോലെ തന്നെ യു.എൽ. സൈബർ പാർക്കിനും ആ പദവി ലഭിക്കുകയും ഇളവുകളൊക്കെ കൊടുത്തിട്ടും ഇത്രയും വർഷമായിട്ടും അതിനെ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. എന്നുവച്ചാൽ ഇതുപോലെ ഗവൺമെന്റ് പാടുപെട്ട് പണിയെടുത്ത് ഈ സ്റ്റാറ്റസ് കിട്ടിയതിനുശേഷം അതിനെ യഥാസമയം പ്രവർത്തനസജ്ജമാക്കാൻ കഴിയാത്തതുകൊണ്ട് സർക്കാരിനുണ്ടാകുന്ന നഷ്ടം ഗവൺമെന്റ്

വിലയിരുത്തിയിട്ടുണ്ടോ? ഇവിടെ അനുബന്ധമായിക്കൊടുത്തിട്ടുള്ള ഈ സ്റ്റാറ്റിസ്റ്റിക്സിൽ അതിനെപ്പറ്റി പറയുന്നുപോലുമില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതിനെ സംബന്ധിച്ചുള്ള വിശദീകരണമാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കോഴിക്കോട് സൈബർ പാർക്കിലുണ്ടായതെന്താണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാം. അവിടെ വർക്ക് അവാർഡ് ചെയ്തു. പക്ഷെ കൊടുത്ത ഡിസൈൻ തെറ്റായിരുന്നു. അതിനാൽ രണ്ട് കൊല്ലമാണ് നമുക്ക് നഷ്ടമായത്. അതിന്റെ പയലിംഗ് നടത്താതെയാണ് കോൺട്രാക്ട് അവാർഡ് ചെയ്തിരുന്നത്. അവസാനം ഡിസൈൻ രണ്ടാമത് മാറ്റേണ്ടതായിവന്നു. അതാണ് സംഭവിച്ചത്. അതുകൊണ്ടാണ് സൈബർ പാർക്കിന്റെ കാര്യത്തിൽ ഡിലേ വന്നത്. ആ ഡിലേ മേക്കപ് ചെയ്യാൻ വേണ്ടി മാക്സിമം നമ്മൾ പരിശ്രമിച്ചു, എഫിഷ്യന്റായിട്ടുള്ള സി.ഇ.ഒ.-യെ കൊണ്ടുവന്നു. ഈ മാർച്ചോടുകൂടി അതിന്റെ നിർമ്മാണം മുഴുവൻ പൂർത്തിയാകുമെന്നാണ് കരുതുന്നത്. യു.എൽ.സി. പാർക്കും ഒക്കുപൻസിയിൽ വന്നിട്ടില്ലെന്ന കാര്യം ബഹുമാനപ്പെട്ട

മെമ്പർക്കറിയാമല്ലോ. കോഴിക്കോടിനെ ഒരു ഐ.റ്റി.ഡെസ്റ്റിനേഷനായിട്ട് മാർക്കറ്റ് ചെയ്യുന്നതിന് ഐ.റ്റി. കമ്പനികളെ കൊണ്ടുവരേണ്ടതുണ്ട്. അതിന് വേണ്ടുന്ന പാക്കേജും ആനുകൂല്യങ്ങളും കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അടുത്തത് തിരുവനന്തപുരം, 2001-ൽ കൊച്ചിയും ഇതേ സ്ഥിതിയിലായിരുന്നു. പത്തുമാസം കൊണ്ടാണ് അന്നത്തെ ഗവൺമെന്റ് 2002 - 2003 കാലഘട്ടത്തിൽ ഇൻഫോ പാർക്ക് നിർമ്മിച്ചത്. ഇപ്പോൾ ഇൻഫോ പാർക്ക് സ്ഥിതിചെയ്യുന്ന സ്ഥലത്ത് അന്ന് ഒന്നുമുണ്ടായിരുന്നില്ല. കൊച്ചിയെ മാർക്കറ്റ് ചെയ്ത് വലിയ ഐ.റ്റി. ഡെസ്റ്റിനേഷനാക്കി. അതുപോലെ അടുത്ത ഡെസ്റ്റിനേഷൻ കോഴിക്കോടാണ്. അതിനുവേണ്ട എല്ലാ പാക്കേജും സപ്പോർട്ടും ഗവൺമെന്റ് കൊടുക്കും. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. മാർച്ച് മാസത്തോടുകൂടി സൈബർ പാർക്കിന്റെ നിർമ്മാണം പൂർത്തിയാകും.

<u>ശ്രീ. സാജു പോൾ</u>: സർ, പ്രത്യേക സാമ്പത്തിക മേഖലയോട് നയപരമായ പല വിയോജിപ്പുള്ളപ്പോഴും അതിന്റെ ഗുണപരമായ അംശങ്ങൾ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. മരാധിഷ്ഠിത വ്യവസായങ്ങളുടെ കേന്ദ്രമാണ് പെരുമ്പാവൂർ.

അവിടെ വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ, സ്റ്റേറ്റ് ഹൈവേ എന്നിവയോട് ചേർന്ന് ട്രാവൻകൂർ റയോൺസിന്റെ 67 ഏക്കർ സ്ഥലം ഉണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും കൃത്യമായി ഇതെല്ലാം അറിയാവുന്ന കാര്യമാണ്. മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ഇന്ന് വലിയ പരാധീനതയിലാണ്. അതുകൊണ്ട് ട്രാവൻകൂർ റയോൺസിന്റെ സാമ്പത്തിക ബാധ്യതകൾ പരിഹരിച്ച് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ടിംബർ സോൺ കം സ്പെഷ്യൽ എക്കണോമിക് സോൺ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ? ബഹുമാനപ്പെട്ട മന്ത്രി 2001-ൽ ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നപ്പോൾ അടച്ചുപൂട്ടിയ ആ സ്ഥാപനത്തിന്റെ പ്രശ്നങ്ങൾ അങ്ങയുടെ കാലത്തുതന്നെ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു സത്വര ശ്രദ്ധ ഈ കാര്യത്തിൽ ഗവൺമെന്റ് നൽകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അടച്ചുപൂട്ടിയത് ഞാനല്ല. അത് അടച്ചുപൂട്ടപ്പെട്ടതാണ്. അതിന് പല കാരണങ്ങളുമുണ്ട്. അതിനെക്കുറിച്ചൊന്നും ഇപ്പോൾ ഞാൻ പറയുന്നില്ല. റയോൺസിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യപ്രകാരം 10 മീറ്റിംഗുകൾ ഇതിനോടകംതന്നെ കൂടിയിട്ടുണ്ട്. അവിടെ വലിയ സാമ്പത്തിക ബാധ്യത വരുന്ന

പ്രശ്നമാണുള്ളത്. ആനുകൂല്യങ്ങൾ കൊടുത്ത് സ്ഥലം ഏറ്റെടുക്കാൻ ഏകദേശം 60 കോടി രൂപ ആവശ്യമാണ്. ടിംബറിന് ഒരു സ്പെഷ്യൽ എക്കണോമിക് സോൺ എന്നത് നടക്കുമോയെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. പരിശോധിച്ചതിനുശേഷം അതിനെക്കുറിച്ച് പറയാവുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സ്പെഷ്യൽ എക്കണോമിക് സോൺ എന്ന കൺസെപ്റ്റ് പറയുമ്പോഴെല്ലാം ഐ.റ്റി. ബെസ്ഡായുള്ള സംരംഭങ്ങളെ സംബന്ധിച്ചുള്ള ചർച്ചകളെ വരുന്നുള്ളൂ. കേരളം പോലെയുള്ള ഒരു സ്റ്റേറ്റിൽ അഗ്രി ബെസ്ഡായുള്ള എന്റർപ്രിണർഷിപ്പിന് വളരെ പ്രാധാന്യമുണ്ട്. സ്വാമിനാഥൻ റിപ്പോർട്ടിൽതന്നെ കുട്ടനാടിനെ ഒരു സ്പെഷ്യൽ അഗ്രികൾച്ചറൽ സോണാക്കി മാറ്റണമെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ അഗ്രിബെസ്ഡായ എന്റർപ്രിണർഷിപ്പിനെ സംരക്ഷിക്കുന്ന തരത്തിലുള്ള സ്പെഷ്യൽ എക്കണോമിക് സോണുകൾ ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ? ശ്രീലങ്കയിലാണെങ്കിൽ തേങ്ങയിൽ നിന്നും നിരവധി വാല്യൂ ആഡഡ് പ്രോഡക്റ്റ്സ് ഉണ്ടാക്കുന്നുണ്ട്. ഇതിനുള്ള ഒരു പ്രോത്സാഹനം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത് സാധിക്കും. ഐ.റ്റി. മാത്രമല്ല, ഫുഡ് പ്രോസസിംഗ്, അഗ്രിക്കൾച്ചറൽ വാല്യൂ അഡീഷൻ തുടങ്ങിയവയും സാധിക്കും.

എക്സ്പോർട്ട് ഓറിയന്റഡായിട്ടുള്ളതും അതുപോലെ മറ്റ് പ്രധാനപ്പെട്ട വ്യവസായങ്ങളെ മുഴവൻ ഈ രീതിയിൽ കൊണ്ടുവരാൻ സാധിക്കും. ഫുഡ് പ്രോസസിംഗ് ഏറ്റവും വലിയ പ്രാധാന്യമുള്ള സംരംഭമാണ്. കേന്ദ്രഗവൺമെന്റ് ഒരു ഫുഡ് പ്രോസസിംഗ് പാർക്ക് നമുക്ക് അനുവദിച്ചുതന്നിട്ടുണ്ട്. നാഷണൽ ലെവലിൽ അനുവദിച്ചതിൽ ഒന്ന് കേരളത്തിലാണ്. അഗ്രികൾച്ചറൽ ബെസ്ഡ് വാല്യൂ ആഡഡ് പ്രോഡക്ട്സിനുള്ള പോസിബിലിറ്റി വളരെ കൂടുതലാണ്. തീർച്ചയായും ഗവൺമെന്റ് ഇതിനെ പ്രോത്സാഹിപ്പിക്കും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, സ്പെഷ്യൽ എക്കണോമിക് സോണുമായി ബന്ധപ്പെട്ട് നിരവധിയായിട്ടുള്ള മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുണ്ട്. ഈ മനുഷ്യാവകാശ ലംഘനങ്ങളിൽ സർക്കാർ പലപ്പോഴും നിയമങ്ങളില്ല, ഇടപെടാൻ കഴിയുന്നില്ല എന്ന് നിസ്സഹായാവസ്ഥ പറഞ്ഞ് മാറി നിൽക്കുന്ന സാഹചര്യമാണുള്ളത്. ഇത്തരം നിയമലംഘനങ്ങളിൽ ഇടപെടുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിക്കുന്നതിനാണ് ആലോചിക്കുന്നത്?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, നിയമലംഘനങ്ങളോ ചൂഷണങ്ങളോ സംബന്ധിച്ച് പരാതി കിട്ടിയാൽ തീർച്ചയായും ഗവൺമെന്റ് ഇടപെടും, ഗവൺമെന്റിന് അതിനുള്ള അധികാരമുണ്ട്. സാധാരണഗതിയിലുള്ള സ്ഥിതിയിൽ

നിന്നും ഈ കമ്പനികളുടെ സിസ്റ്റത്തിന് വ്യത്യാസമുണ്ട്. അവിടെയുള്ള ഉദ്യോഗസ്ഥന്മാർക്ക് സാലറിയും ആനുകൂല്യങ്ങളുമൊക്കെ കൂടുതലായിരിക്കും. അതിന്റെ സിസ്റ്റം വ്യത്യാസമുണ്ട്. അമേരിക്കയിൽ അർദ്ധരാത്രി ആയിരിക്കുമ്പോൾ ഇവിടെ പകൽ ആയിരിക്കും. അപ്പോൾ അതിന്റെ സിസ്റ്റത്തിന് ലോകത്തെല്ലായിടത്തും വ്യത്യാസമുണ്ട്. പക്ഷേ, ചൂഷണവും മനുഷ്യാവകാശലംഘനവും ഉണ്ടെങ്കിൽ ഗവൺമെന്റിന് ഇടപെടാനുള്ള അധികാരമുണ്ട്, ഇടപെടുകയും ചെയ്യും.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ഈ പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കുന്നതുവഴി നിരവധി ആനുകൂല്യങ്ങളാണ് ഈ മേഖലയിൽ വരുന്ന സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് വ്യവസായ സ്ഥാപനങ്ങൾക്കുൾപ്പെടെ നൽകുന്നത്. ഇതിന്റെ ഗുണഫലം പൂർണ്ണമായും ഈ വ്യവസായികൾക്കു മാത്രം ആകരുത്. സമൂഹത്തിനും തൊഴിലാളികൾക്കും ഇതിന്റെ നേട്ടങ്ങൾ ഉണ്ടാകത്തക്കരീതിയിൽ പ്രത്യേക സാമ്പത്തിക മേഖലയിൽ നിർദ്ദേശം നൽകുമോ? അതുപോലെ കെ.എസ്.ഐ.ഡി.സി. യും ടി.ബി.ജി.ആർ.ഐ.യും കൂടി കാർഷിക മേഖലയിൽ പ്രത്യേകമായ സ്ഥാപനം തുടങ്ങുന്നുണ്ട്. ഉദാഹരണമായി എന്റെ നിയോജകമണ്ഡലായ കൂരിൽ അങ്ങനെ ഒരു സ്ഥാപനം തുടങ്ങുന്നുണ്ട്. അതിനെ

പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുത്താനായി ശ്രമിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കെ.എസ്.ഐ.ഡി.സി. തുടങ്ങുന്ന യൂണിറ്റിന്റെ സ്ഥിതി എന്താണെന്നത് സംബന്ധിച്ച് ഞാൻ പരിശോധിച്ചതിനുശേഷം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നതാണ്. സമൂഹത്തിന് ഇതുമൂലം ഗുണമുണ്ടാകുന്നുണ്ട്. ഏറ്റവുമധികം എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യാൻ കഴിയും. ഇതിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. ഇപ്പോൾ ഏറ്റവും കൂടുതൽ ആളുകൾ വർക്ക് ചെയ്യുന്നത് ഗവൺമെന്റിലല്ല ഇതുപോലുള്ള കാമ്പസുകളിലാണ്. ഇവിടെ ചെറുപ്പക്കാർക്ക് മുഴുവൻ ജോലി കിട്ടികൊണ്ടിരിക്കുന്നതുതന്നെ ഏറ്റവും വലിയ ഘടകമാണ്. മറ്റ് ഗുണങ്ങൾ വേറെയുമുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ മറ്റ് ചോദ്യങ്ങൾക്ക് ഞാൻ പിന്നീട് പരിശോധിച്ചതിനുശേഷം മറുപടി നൽകുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് വ്യാവസായിക മേഖലയിൽ പുരോഗതി ആവശ്യമാണെങ്കിൽ ഒരു പ്രദേശത്തെ സ്പെഷ്യൽ എക്കണോമിക് സോണായി പ്രഖ്യാപിച്ചാൽ മാത്രമേ സാധ്യമാകൂ എന്നുള്ള അവസ്ഥ എന്തുകൊണ്ടാണ് സംജാതമായത്; അത് ഭരണസംവിധാനത്തിന്റെ കാര്യക്ഷമതാ രാഹിത്യത്തിലേയ്ക്കാണ് വെളിച്ചം വീശുന്നത്. അതുകൊണ്ട് ഭരണകൂടത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചാൽ എവിടെ വേണമെങ്കിലും ഒരു വ്യവസായ സംരംഭം

തുടങ്ങാൻ സംരംഭകന് സാധിക്കുകയും അവർക്ക് അർഹമായ ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭിക്കുകയും ചെയ്യും എന്ന ഉറപ്പു വരുത്തുകയല്ലേ ചെയ്യേണ്ടത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ചില വ്യവസായങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ കൊടുക്കേണ്ട സ്ഥിതി വന്നതുകൊണ്ടും ചില വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് രാജ്യ താല്പര്യത്തിന് വളരെ ആവശ്യമാണെന്നു വന്നതുകൊണ്ടും വിദേശങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളായതുകൊണ്ടും എക്സ്പോർട്ട് ഉള്ളതുകൊണ്ടൊക്കെയാണ് അങ്ങനെയുള്ള കൺസെപ്റ്റ് വന്നത്. സ്പെഷ്യൽ എക്കണോമിക് സോണിൽ മാത്രമേ വ്യവസായം വളരുകയുള്ളൂ എന്നില്ല. കിൻഫ്രാ പാർക്കുകൾ സ്പെഷ്യൽ എക്കണോമിക് സോണുകളല്ല. കിൻഫ്രാ പാർക്കുകളിൽ നല്ലതുപോലെ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. രണ്ടും രണ്ട് കൺസെപ്റ്റാണ്. എക്കണോമിക് സോണിൽ അധികവും എക്സ്പോർട്ട് ഓറിയന്റഡായിട്ടുള്ള വിദേശങ്ങളുമായി ബന്ധമുള്ള വ്യവസായങ്ങളാണ് അധികമായി വരുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, പ്രത്യേക സാമ്പത്തിക മേഖലയിൽ പെട്ടതാണ് വല്ലാർപാടം ഡി.പി. വേൾഡ് തുറമുഖം. അവിടെ വലിയ പ്രശ്നമാണ്. നമുക്ക് അതിൽ എങ്ങനെ ഇടപെടാൻ കഴിയുമെന്ന് അറിയില്ല. പഴയ കൊച്ചിൻ

പോർട്ട് ക്ഷീണിക്കുകയും വല്ലാർപാടത്ത് നാം പ്രതീക്ഷിച്ചതുപോലെയുള്ള വരുമാനം ഉണ്ടാകാതിരിക്കുകയുമാണ്. പോർട്ടിനും ഒന്നും ലഭിക്കുന്നില്ല. അവിടെ നാം പ്രതീക്ഷിച്ചത്ര എക്സ്പോർട്ട് നടക്കുന്നില്ല. അതുകൊണ്ട് പ്രത്യേക സാമ്പത്തിക മേഖല എന്നുള്ള നിലയ്ക്ക് സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് വല്ലാർപാടം തുറമുഖത്തിന്റെ കാര്യത്തിൽ ഒരു ചർച്ച നടത്തി അതിനെ പ്രൊമോട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, വല്ലാർപാടം തുറമുഖത്തിന് നാം പ്രതീക്ഷിക്കാത്ത വിധത്തിലുള്ള ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ കപ്പൽ ചാലുകൾ എല്ലാ വർഷവും ഡ്രഡ്ജ് ചെയ്യേണ്ടതുൾപ്പെടെയുള്ള ചില പ്രശ്നങ്ങൾ വന്നിട്ടുണ്ട്. അതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ആവശ്യപ്പെട്ടെങ്കിലും ആദ്യത്തെ ഒരു വർഷം ഒഴിച്ച് പിന്നെയുള്ള അവസരങ്ങളിൽ ലഭിച്ചിട്ടില്ല. ഏതായിരുന്നാലും വല്ലാർപാടത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുതന്നെ അതിന് പരമാവധി സഹായം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തിന് ആനുകൂല്യങ്ങളും നികുതി ഇളവും കൊടുക്കുകയും അതിന്റെ മറവിൽ എല്ലാ നിയമങ്ങളും അവർ ലംഘിക്കാൻ തുടങ്ങുന്നതും രണ്ടും രണ്ടാണ്. സ്പെഷ്യൽ

എക്കണോമിക്സ് സോണിൽ നമ്മുടെ നാട്ടിലെ എല്ലാ തൊഴിൽ നിയമങ്ങളും നിർബാധം ലംഘിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഗവൺമെന്റ് പരിശോധിക്കുന്നുണ്ടോ? അടുത്ത കാലത്താണ് ഒരു സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന സ്ത്രീകളെ വിവസ്ത്രയാക്കിയ സംഭവമുണ്ടായത്. ഇത് നടന്നത് കേരളത്തിലാണ്. സ്പെഷ്യൽ എക്കണോമിക്സ് സോൺ എന്നുപറഞ്ഞ് എല്ല തരത്തിലുമുള്ള മനുഷ്യാവകാശ ലംഘനങ്ങളും തൊഴിൽ നിയമങ്ങളും കാറ്റിൽ പറത്താനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; അതിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഏതെങ്കിലും ഒരു ഒറ്റപ്പെട്ട കേസുവച്ച് ഇതിനെ ജനറലൈസ് ചെയ്ത് കാണുന്നത് ശരിയല്ല. ടെക്നോപാർക്കിലോ സ്പെഷ്യൽ എക്കണോമിക്സ് സോണിലോ ബഹുമാനപ്പെട്ട മെമ്പർമാർ പോയി നോക്കണം. എന്റെ അഭിപ്രായത്തിൽ അവിടെയുള്ളവരെല്ലാം സന്തോഷത്തിലാണ്. ഹൈ സ്റ്റാന്റേർഡിലാണ് അവിടെ കാര്യങ്ങൾ നടക്കുന്നത്. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാം. അതിൽ ഗവൺമെന്റിന് ഇടപെടാനുള്ള അധികാരമുണ്ട്, ഇടപെടുകയും ചെയ്യും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)